2026
July
14
TUESDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ


SOCIETY TODAY e-paper




# ഇലക്ട്രോണിക്സ് നിർമാണ മേഖലയ്ക്ക് കരുത്ത്

## കസ്റ്റംസ് തീരുവ ഇളവുകളുടെ കാലാവധി നീട്ടി

**മുംബൈ:** ഇന്ത്യയിലെ ഇലക്ട്രോണിക്സ് നിർമാണം പ്രോത്സാഹിപ്പിക്കുന്നതിൻറെ ഭാഗമായി, ലിഥിയംഅയൺ ബാറ്ററികൾ, സ്മാർട്ട്ഫോൺ വയർലെസ് ചാർജിംഗ് സിസ്റ്റങ്ങൾ, ഡിസ്പ്ലേ അസംബ്ലികൾ, ഇൻഡക്ടർ കോയിൽ മൊഡ്യൂളുകൾ എന്നിവയുടെ നിർമാണത്തിന് ഉപയോഗിക്കുന്ന നിരവധി പ്രധാന ഘടകങ്ങളുടെ കസ്റ്റംസ് ഡ്യൂട്ടി (ഇറക്കുമതി തീരുവ) ഇളവുകൾ കേന്ദ്ര സർക്കാർ നീട്ടി.



ഇലക്ട്രോണിക്സ് നിർമാണത്തിനാവശ്യമായ യന്ത്രസാമഗ്രികൾക്കും ഘടകങ്ങൾക്കും നല്കിവരുന്ന കസ്റ്റംസ് തീരുവ ഇളവുകൾ 2029 മാർച്ച് 31 വരെ നീട്ടിയാണ് കേന്ദ്ര സർക്കാർ ഉത്തരവിറക്കിയത്. ഈ ഇളവുകൾ ഉടനടി പ്രാബല്യത്തിൽ വരും. നികുതിയിളവ് ഇറക്കുമതിയെ ആശ്രയിക്കുന്നത് കുറയ്ക്കാനും ആഭ്യന്തര നിർമാണം പ്രോത്സാഹിപ്പിക്കാനും സഹായിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. സ്മാർട്ട്ഫോണുകൾ, ലാപ്ടോപ്പുകൾ, ടെലിവിഷനുകൾ തുടങ്ങിയ ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഉത്പാദനച്ചെലവ് ഗണ്യമായി കുറയ്ക്കാൻ സാധ്യതയുണ്ട്.

ഓട്ടോമോട്ടീവ്, മെഡിക്കൽ, വ്യാവസായിക ഉപകരണങ്ങൾ എന്നിവയിൽ ഉപയോഗിക്കുന്ന ഡിസ്പ്ലേ അസംബ്ലികളുടെ നിർമാതാക്കൾക്കാണ് ഈ ഇളവു കൊണ്ട് ഏറ്റവും കൂടുതൽ പ്രയോജനം ലഭിക്കുക. ഈ ഉത്പന്നങ്ങളുടെ നിർമാണത്തിനായി ഇറക്കുമതി ചെയ്യുന്ന ഡിസ്പ്ലേ സെല്ലുകൾ, ബാക്ക്ലൈറ്റ് യൂണിറ്റുകൾ, ഫ്ലെക്സിബിൾ പ്രിൻറഡ് സർക്യൂട്ട് അസംബ്ലികൾ, ഫ്രെയിമുകൾ, അനൈസോട്രോപിക് കണ്ടക്ടീവ് ഫിലിം തുടങ്ങിയ പ്രധാന ഘടകങ്ങളുടെ കസ്റ്റംസ് ഡ്യൂട്ടിയാണ് സർക്കാർ ഒഴിവാക്കിയിരിക്കുന്നത്.

മൊബൈൽ ഫോണുകൾ, ടെലിവിഷനുകൾ, സ്മാർട്ട് വാച്ചുകൾ, സ്മാർട്ട് മീറ്ററുകൾ അല്ലെങ്കിൽ ഇൻററാക്ടീവ് ഫ്ളാറ്റ് പാനൽ ഡിസ്പ്ലേകൾ എന്നിവയ്ക്കായി ഉദ്ദേശിച്ചിട്ടുള്ള ഡിസ്പ്ലേ അസംബ്ലികൾക്ക് ഈ നികുതിയിളവ് ബാധകമല്ല.

സ്മാർട്ട്ഫോണുകളുടെ വയർലെസ് ചാർജിംഗ് മോഡ്യുളുകളിൽ ഉപയോഗിക്കുന്ന ഘടകങ്ങളുടെ കസ്റ്റംസ് ഡ്യൂട്ടി ഇളവുകളും സർക്കാർ നീട്ടിയിട്ടുണ്ട്. നാനോക്രിസ്റ്റലിൻ അസംബ്ലികൾ, ഇഷീൽഡുകൾ, പിഇടി ലൈനറുകൾ, പിസി ഷിമ്മുകൾ, കോയിലുകൾ, നിയോഡിമിയം അയൺ ബോറോൺ കാന്തങ്ങൾ തുടങ്ങിയ എൻഎഫ്സി, ഇൻഡക്ടർ കോയിൽ എന്നിവയുമായി ബന്ധപ്പെട്ട ഭാഗങ്ങൾ ഇതിൽ ഉൾപ്പെടുന്നു. ഇളവുകൾ നൽകിയിട്ടുള്ള ഘടകങ്ങളുടെ കാര്യത്തിൽ കൃത്യത ഉറപ്പാക്കുന്നതിനായി സെൻട്രൽ ബോർഡ് ഓഫ് ഇൻഡയറക്ട് ടാക്സസ് ആൻഡ് കസ്റ്റംസ് ഇവയ്ക്ക് സാങ്കേതിക നിർവചനങ്ങളും നൽകിയിട്ടുണ്ട്.

ലിഥിയംഅയൺ ബാറ്ററി നിർമാണത്തിനായി കുറഞ്ഞ നികുതിയിളവിന് അർഹതയുള്ള യന്ത്രസാമഗ്രികളുടെ പട്ടിക കേന്ദ്ര സർക്കാർ വിപുലീകരിച്ചു. പരിഷ്കരിച്ച വിജ്ഞാപന പ്രകാരം ഇപ്പോൾ 85 വിഭാഗങ്ങളിൽപ്പെട്ട ഉപകരണങ്ങൾക്ക് ഈ ഇളവ് ലഭിക്കും. അസംസ്കൃത വസ്തുക്കൾ മിക്സ് ചെയ്യുന്നത് മുതൽ കോട്ടിംഗ്, വെൽഡിംഗ്, ടെസ്റ്റിംഗ്, ഇൻസ്പെക്ഷൻ, പാക്കേജിംഗ് വരെയുള്ള ഏതാണ്ട് മുഴുവൻ ബാറ്ററി ഉത്പാദന പ്രക്രിയകളും ഇതിൽ ഉൾപ്പെടുന്നു.

# കുറഞ്ഞ ചെലവിൽ പുനരുപയോഗ ഊർജം: കരാറിന് അനുമതി തേടി കെഎസ്ഇബി

**തിരുവനന്തപുരം:** സംസ്ഥാനത്തെ സോളാർ പ്രൊസ്യൂമേഴ്സിനെ വെട്ടിലാക്കി സോളാർ എനർജി കോർപറേഷനിൽനിന്ന് 25 വർഷത്തേക്കു കുറഞ്ഞ നിരക്കിൽ 200 മെഗാവാട്ട് പുനരുപയോഗ ഊർജം ലഭ്യമാക്കാനുള്ള കരാർ നടപ്പാക്കാൻ കെഎസ്ഇബിക്ക് വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അനുമതി നൽകിയേക്കും.

പീക്ക് സമയത്തെ വൈദ്യുതി പ്രതിസന്ധി മറികടക്കാനുള്ള സുപ്രധാന നീക്കമായാണ് കെഎസ്ഇബി കരാറിനെ കമ്മീഷന് മുന്നിൽ അവതരിപ്പിച്ചിട്ടുള്ളത്. എന്നാൽ, കെഎസ്ഇബിയെ വിശ്വസിച്ച് ലക്ഷക്കണക്കിനു രൂപ മുടക്കി പുരപ്പുറ സോളാർ സ്ഥാപിച്ച ഗാർഹിക ഉപയോക്താക്കൾക്കിത് തിരിച്ചടിയാകുമെന്ന ആരോപണവും ഇതോടൊപ്പം ഉയർന്നിട്ടുണ്ട്.

സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന സോളാർ വൈദ്യുതി കൃത്യമായ സ്റ്റോറേജ് സംവിധാനം ഉൾപ്പടെ ഏർപ്പെടുത്തി പീക്ക് സമയത്ത് ഗ്രിഡിൽ എത്തിക്കുന്നതിനു പകരം, പുതിയ കരാറുമായി മുന്നോട്ടു നീങ്ങുന്നത് ശരിയല്ല എന്നു ചൂണ്ടിക്കാട്ടിയാണ് ഉത്പാദകരിൽ ഒരു വിഭാഗം രംഗത്തെത്തിയത്. സോളാർ എനർജി കോർപറേഷനിൽ (സെകി) നിന്ന് 25 വർഷത്തേക്ക് കുറഞ്ഞ നിരക്കിൽ 200 മെഗാവാട്ട് പുനരുപയോഗ ഊർജം ലഭിക്കുന്ന കരാറിനാണ് കെഎസ്ഇബി റെഗുലേറ്ററി കമ്മീഷന്റെ അനുമതി ദിവസങ്ങൾക്കു മുമ്പ് തേടിയത്.

കരാർ പ്രകാരം യൂണിറ്റിന് 2.93 രൂപ എന്ന കുറഞ്ഞ നിരക്കിലാണ് വൈദ്യുതി ലഭിക്കുക. 100 മെഗാവാട്ട് ശേഷിയും 400 മെഗാവാട്ട് അവർ സംഭരണ ശേഷിയുമുള്ള ഊർജ സംഭരണ സംവിധാനവും (ഇഎസ്എസ്) ഉണ്ടാകും. സൗരോർജ നിലയങ്ങളിൽനിന്നു പകൽ ലഭിക്കുന്ന വൈദ്യുതി വൈകുന്നേരം ആറു മുതൽ അർധരാത്രി വരെയുള്ള ഏറ്റവും ആവശ്യകത കൂടിയ സമയത്ത് സംസ്ഥാനത്തിന് ഉപയോഗിക്കാനാകുമെന്നാണ് കരാറിന് അനുമതി തേടിയുള്ള അപേക്ഷയിൽ കെഎസ്ഇബി വ്യക്തമാക്കിയിട്ടുള്ളത്.

വെൽസ്പൺ റിന്യൂവബിൾ എനർജി പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയിൽനിന്ന് സോളാർ എനർജി കോർപറേഷൻ 2.86 രൂപയ്ക്കു വാങ്ങുന്ന വൈദ്യുതിക്ക് യൂണിറ്റിന് ഏഴു പൈസയുടെ ട്രേഡിംഗ് മാർജിൻ കൂടി ചേർത്താണ് കെഎസ്ഇബിക്ക് 2.93 രൂപയ്ക്കു നൽകുക. പീക്ക് സമയത്ത് ലഭിക്കുന്ന ഏറ്റവും കുറഞ്ഞ നിരക്കുകളിലൊന്നാണിതെന്നും കെഎസ്ഇബി വ്യക്തമാക്കിയിട്ടുണ്ട്.

ആവശ്യമായ വൈദ്യുതി നൽകാതിരുന്നാൽ കരാർ നിരക്കിന്റെ 1.5 ഇരട്ടി പിഴ ലഭിക്കാനും വ്യവസ്ഥയുണ്ട്. കെഎസ്ഇബി ബോർഡ് ഓഫ് ഡയറക്ടേഴ്സ് പദ്ധതിക്ക് അംഗീകാരം നൽകി. കരാറിന്റെ കരട് രേഖയും തയാറായിട്ടുണ്ട്.

# യൂറോപ്യൻ യൂണിയൻ രാഷ്ട്രങ്ങൾ റെക്കോർഡ് എൽഎൻജി വാങ്ങിയെന്ന് കെപ്ലർ

**യുഎസ്:** യുക്രെയ്നെതിരെ യുദ്ധം നിർത്താനോ സമാധാന ചർച്ചയ്ക്ക് എത്താനോ തയാറാകാത്ത റഷ്യയെ സാമ്പത്തികമായി ഞെരുക്കാനിറങ്ങിയ യൂറോപ്യൻ യൂണിയൻ, സ്വന്തം നിലപാട് വിഴുങ്ങിയെന്ന റിപ്പോർട്ട് പുറത്ത്. റഷ്യയുടെ ഏറ്റവും വലിയ ദ്രവീകൃത വാതക (ലിക്വിഫൈഡ് ഗ്യാസ്) പ്ലാന്റും ആർട്ടിക് തീരത്ത് സ്ഥിതി ചെയ്യുന്ന പ്ലാന്റുമായ യമാലിൽ നിന്ന് 2026ന്റെ ആദ്യപകുതിയിൽ (ജനുവരിജൂൺ) യൂറോപ്യൻ യൂണിയൻ രാഷ്ട്രങ്ങൾ റെക്കോർഡ് എൽഎൻജി വാങ്ങിയെന്ന് വിപണി ഗവേഷകരായ കെപ്ലർ വ്യക്തമാക്കി.




സമീപകാലത്തുപോലും റഷ്യൻ എണ്ണയുടെ പേരിൽ കടുത്ത ഉപരോധ നടപടികളിലേക്ക് യൂറോപ്യൻ യൂണിയൻ നീങ്ങിയിരുന്നു. ചില ഇന്ത്യൻ കമ്പനികളെയും കരിമ്പട്ടികയിൽ ഉൾപ്പെടുത്തുകയും ചെയ്തു. ഒരുവശത്ത് മറ്റുള്ളവർക്കുമേൽ ഉപരോധം ചുമത്തുമ്പോഴായിരുന്നു മറുവശത്ത് യൂറോപ്യൻ യൂണിയന്റെ റെക്കോർഡ് റഷ്യൻ ഗ്യാസ് ഇറക്കുമതി.

മുൻവർഷത്തെ സമാനകാലത്തേക്കാൾ 18% അധികമാണ് ഇത്തവണ ഇറക്കുമതി. ഇതിനായി യൂറോപ്യൻ യൂണിയൻ ഏതാണ്ട് 600 കോടി യൂറോയും (ഏകദേശം 65,000 കോടി രൂപ) റഷ്യയ്ക്ക് നൽകിയെന്ന് അർജ്വാൾഡ് എന്ന എൻജിഒയുടെ റിപ്പോർട്ട് പറയുന്നു. എണ്ണ, ഗ്യാസ് വിൽപന വഴി കിട്ടുന്ന വരുമാനം കൊണ്ടാണ് റഷ്യ യുക്രെയ്നെതിരെ യുദ്ധം ചെയ്യുന്നതെന്ന് പ്രത്യക്ഷത്തിൽ വാദിക്കുന്ന യൂറോപ്യൻ യൂണിയൻ, സമീപകാലത്തുവരെ റഷ്യയ്ക്കുമേൽ ഉപരോധം കൂടുതൽ കടുപ്പിക്കുകയും റഷ്യൻ എണ്ണയുടെ വിപണി വില പരിധി വെട്ടിക്കുറയ്ക്കുകയും ചെയ്തിരുന്നു.

ഏഷൻ രാജ്യങ്ങളിലേക്കുള്ള കയറ്റുമതി 74% ഇടിഞ്ഞ് 5.10 ലക്ഷം ടണ്ണിൽ ഒതുങ്ങിനിൽക്കുമ്പോഴാണ് റഷ്യയ്ക്ക് 'രക്ഷാകരം' പകർന്ന് റെക്കോർഡ് കണക്കിന് എൽഎൻജി യൂറോപ്യൻ യൂണിയൻതന്നെ വാങ്ങിക്കൂട്ടിയത്.



# ഗ്ലോബൽ വാട്ടർ വണ്ടർലാൻഡ്: ആദ്യഘട്ട നിർമാണം സെപ്റ്റംബറിൽ പൂർത്തിയാക്കും

**ആലപ്പുഴ:** കേന്ദ്ര ടൂറിസം പദ്ധതിയായ ഗ്ലോബൽ വാട്ടർ വണ്ടർലാൻഡിന്റെ ആദ്യഘട്ടമായി ആലപ്പുഴ ബീച്ചിൽ നടക്കുന്ന നിർമാണ പ്രവർത്തനങ്ങൾ സെപ്റ്റംബർ 30ഓടെ പൂർത്തിയാക്കുമെന്ന് ടൂറിസം മന്ത്രി പി.സി. വിഷ്ണുനാഥിന്റെ ഉറപ്പ്. മൂന്നാം ഘട്ടമായ ബോട്ട് ഹൗസ് ടെർമിനലിന്റെ നിർമാണത്തിലെ കാലതാമസം പരിഹരിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമെന്നും കഴിഞ്ഞദിവസം കെ.സി. വേണുഗോപാൽ എംപിയുടെ അധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗത്തിൽ ടൂറിസം മന്ത്രി ഉറപ്പുനൽകി.

ഗ്ലോബൽ വാട്ടർ വണ്ടർലാൻഡിന്റെ നിർമാണച്ചുമതലയുണ്ടായിരുന്ന ഊരാളുങ്കൽ സൊസൈറ്റി സമയബന്ധിതമായി ജോലികൾ പൂർത്തിയാക്കാത്തതിനെത്തുടർന്നാണ് യോഗം വിളിക്കാൻ കെ.സി. വേണുഗോപാൽ എംപി ആവശ്യപ്പെട്ടത്. പദ്ധതിയുടെ പ്രധാനഘട്ടമായ കനാലുകളുടെ സൗന്ദര്യവത്കരണവും പുനർനിർമാണവും സെപ്റ്റംബർ മാസത്തിനകം പൂർത്തിയാക്കും.

വിജയ പാർക്ക് മുതൽ കടൽപ്പാലത്തിന്റെ തെക്കേ അറ്റംവരെ നീളുന്ന വിനോദസഞ്ചാരവിശ്രമസമുച്ചയമാണ് പദ്ധതിയുടെ പ്രധാന ആകർഷണം. ഇതിന്റെ നിർമാണം ഇതുവരെ പത്തു ശതമാനം മാത്രമാണ് പൂർത്തിയായിട്ടുള്ളത്. ഒരു വർഷത്തിനകം പൂർത്തിയാക്കേണ്ട പദ്ധതിയുടെ കാലാവധി ഡിസംബറിൽ അവസാനിക്കാനിരിക്കെയാണ് മന്ത്രിയുടെ ഇടപെടൽ.

കേന്ദ്ര ടൂറിസം മന്ത്രാലയം നടപ്പിലാക്കുന്ന സ്വദേശ് ദർശൻ പദ്ധതിയിൽ ആദ്യം ആലപ്പുഴ ജില്ലയെ ഉൾപ്പെടുത്തിയിരുന്നില്ല. കൊല്ലം ഉൾപ്പെടെ മറ്റുജില്ലകളെ പരിഗണിച്ചിട്ടും കേരളത്തിന്റെ ടൂറിസം രംഗത്ത് വലിയ സംഭാവനകൾ നൽകുന്ന ആലപ്പുഴയെ ഒഴിവാക്കിയതിനെതിരേ കെ.സി. വേണുഗോപാൽ എംപി നടത്തിയ ഇടപെടലുകളുടെ അടിസ്ഥാനത്തിലാണ് സ്വദേശ് ദർശൻ 2.0യിൽ ആലപ്പുഴ ജില്ലയെക്കൂടി ഉൾപ്പെടുത്തി നൂറുകോടി രൂപയുടെ വികസന പദ്ധതിക്ക് അനുമതി ലഭിച്ചത്.

സായാഹ്ന വിശ്രമകേന്ദ്രങ്ങൾ, നടപ്പാതകൾ, കുട്ടികളുടെ പാർക്ക്, ഗാർഡൻ, വയോജനസൗഹൃദ വിശ്രമകേന്ദ്രം, ഭക്ഷണശാലകൾ തുടങ്ങി വിപുലമായ സൗകര്യങ്ങളാണ് സമുച്ചയത്തിൽ ഒരുക്കുന്നത്. നഗരഹൃദയത്തിലൂടെ ഒഴുകുന്ന 14 കിലോമീറ്റർ നീളമുള്ള രണ്ട് കനാലുകളും പദ്ധതിയുടെ ഭാഗമായി നവീകരിക്കും.

കനാലുകളുടെ ഇരുകരകളിലും പൂന്തോട്ടങ്ങൾ, കുട്ടികളുടെ പാർക്കുകൾ, വിശ്രമസൗകര്യങ്ങൾ, വിശാലമായ പുൽത്തകിടികൾ എന്നിവ ഒരുക്കും. സായാഹ്നങ്ങളിൽ ശിക്കാര വള്ളങ്ങളിലൂടെ വിനോദസഞ്ചാരികൾക്ക് ആലപ്പുഴയുടെ സാംസ്കാരികചരിത്ര പൈതൃകം പരിചയപ്പെടുത്തുന്ന പ്രത്യേക യാത്രകളും സംഘടിപ്പിക്കും.

വെനീസിന്റെ മാതൃകയിൽ ആലപ്പുഴയെ ലോകോത്തര വിനോദസഞ്ചാര കേന്ദ്രമാക്കി മാറ്റുന്ന രീതിയിലാണ് പദ്ധതി രൂപകല്പന ചെയ്യാൻ ഉദ്ദേശിക്കുന്നതെന്നും കനാലുകളിലൂടെ സുഗമമായ നീരൊഴുക്ക് ഉറപ്പാക്കുമെന്നും മന്ത്രി യോഗത്തെ അറിയിച്ചു.

കനാലുകളിൽ മാലിന്യം തള്ളുന്നത് തടയുന്നതിനും പായൽ ഉൾപ്പെടെയുള്ള ജലസസ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള ആധുനിക സാങ്കേതികവിദ്യകൾ നടപ്പാക്കുന്നതിനും ടൂറിസം മന്ത്രി നിർദേശം നൽകി. പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കിയില്ലെങ്കിൽ ആലപ്പുഴയ്ക്ക് പദ്ധതി നഷ്ടപ്പെടുന്ന സാഹചര്യം അനുവദിക്കാനാവില്ലെന്നും കെ.സി. വേണുഗോപാൽ എംപി യോഗത്തിൽ അഭിപ്രായപ്പെട്ടു.

കനാലുകളിൽ വാട്ടർ സ്പോർട്സ് ആരംഭിക്കുന്നതിനും നഗരത്തിലെ തട്ടുകടകൾ ഒഴിപ്പിക്കേണ്ട സാഹചര്യമുണ്ടായാൽ അവർക്കായി ഉചിതമായ പുനരധിവാസ പാക്കേജ് ഒരുക്കുന്നതിന് നടപടി ഉണ്ടാകണമെന്നും കെ.സി. വേണുഗോപാൽ എംപി ആവശ്യപ്പെട്ടു.

ബോട്ട് ഹൗസ് ടെർമിനലാണ് പദ്ധിയിലെ മറ്റൊരു പ്രധാന ആകർഷണം. നിലവിൽ പ്രാരംഭഘട്ടത്തിൽ മാത്രം ഒതുങ്ങിനിൽക്കുന്ന നിർമാണം അടിയന്തരമായി പൂർത്തിയാക്കുമെന്നും മന്ത്രി വിഷ്ണുനാഥ് വ്യക്തമാക്കി. യാത്രക്കാർക്കുള്ള വിശ്രമകേന്ദ്രങ്ങൾ, ബോട്ട് ഉടമകൾക്കുള്ള സൗകര്യങ്ങൾ, ട്രാവൽ ഏജൻസികൾക്കുള്ള കൗണ്ടറുകൾ, ബുക്കിംഗ് കിയോസ്കുകൾ, കാത്തിരിപ്പ് മുറികൾ, കഫറ്റീരിയ എന്നിവ ടെർമിനലിൻെറ ഭാഗമാകും.

ഹൗസ് ബോട്ടുകൾക്ക് ഉയർന്ന നിലവാരം ഉറപ്പുവരുത്തണമെന്നും ബോട്ടുകളിലെ മാലിന്യസംസ്കരണത്തിന് സമഗ്രമായ പദ്ധതി നടപ്പാക്കുമെന്നും മന്ത്രി പറഞ്ഞു. ഇതിനായി വട്ടക്കായലിൽ ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ വിപുലമായി ഒരുക്കും.നെഹ്റു ട്രോഫി വള്ളംകളിയുടെ സ്റ്റാർട്ടിംഗ്ഫിനിഷിംഗ് പോയിൻറുകളിലേക്കുള്ള റോഡ് നവീകരണത്തിന് ഫണ്ട് അനുവദിക്കാമെന്നും ടൂറിസം മന്ത്രി പി.സി. വിഷ്ണുനാഥ് ഉറപ്പുനൽകി.

ആലപ്പുഴയിലെ വിവിധ ടൂറിസം വികസന പദ്ധതികളുടെ അവലോകനവും യോഗം നടത്തി. യോഗത്തിൽ ടൂറിസം സെക്രട്ടറി കെ. ബിജു, അഡീഷണൽ ഡയറക്ടർ ശ്രീധന്യ സുരേഷ്, ജില്ലാ കളക്ടർ ഷാജി വി. നായർ, വിവിധ വകുപ്പ് മേധാവികൾ എന്നിവർ പങ്കെടുത്തു.




# പുതിയ ആരോഗ്യക്ഷേമ പദ്ധതികളുമായി കിൻഡർ വെൽവിഷേഴ്സ് മീറ്റ്

**കൊല്ലം:** രണ്ടാംകുറ്റിയിൽ അത്യാധുനിക സൗകര്യങ്ങളോടെ പ്രവർത്തനം ആരംഭിച്ച കിൻഡർ ഹോസ്പിറ്റൽസ്, ജില്ലയ്ക്കായി രണ്ട് പുതിയ ആരോഗ്യ ക്ഷേമ പദ്ധതികൾ പ്രഖ്യാപിച്ചു. സ്ത്രീകളുടെ ആരോഗ്യ സംരക്ഷണം ലക്ഷ്യമിട്ട് ഗൈനക് സർജറി ക്യാമ്പും കിൻഡർ മാ ജീവന പദ്ധതിയും.

ഇരവിപുരം എംഎൽഎ അഡ്വ. വിഷ്ണു മോഹൻ, കിൻഡർ ഗ്രൂപ്പ് മെഡിക്കൽ ഡയറക്ടർ ഡോ. വി.കെ. പ്രദീപ് കുമാർ എന്നിവർ പങ്കെടുത്ത വെൽവിഷേഴ്സ് മീറ്റിൽ പദ്ധതികളുടെ ഔദ്യോഗിക പ്രഖ്യാപനം നടത്തിയത്.

ഹോസ്പിറ്റൽ സമുച്ചയത്തിൽ നടന്ന ചടങ്ങിന് കിൻഡർ ഹോസ്പിറ്റൽസ് എംഡി ആൻഡ് സിഇഒ രഞ്ജിത് കൃഷ്ണനും യൂണിറ്റ് ഹെഡ് അബീഷ് ആദിത്യനും നേതൃത്വം നൽകി.

ജില്ലയിലെ ആരോഗ്യരംഗത്ത് കിൻഡർ ഹോസ്പിറ്റൽസ് ഒരുക്കുന്ന അത്യാധുനിക ചികിത്സാ സൗകര്യങ്ങളും ഭാവി വികസന പദ്ധതികളും അവതരിപ്പിക്കുന്ന പ്രത്യേക പ്രെസന്റേഷനും ചടങ്ങിൽ നടന്നു.

തുടർന്ന് ഒബ്സ്റ്റെറ്റിക് ആൻഡ് ഗൈനക്കോളജി ഇൻഫെർട്ടിലിറ്റി പീഡിയാട്രിക്, ജനറൽ മെഡിസിൻ വിഭാഗങ്ങളിലെ ഡോക്ടർമാരായ ഇബ്രാഹിം റാവുത്തർ, മഞ്ജു, പ്രവീൺ, രശ്മി, ഡോ ബീഗം റഹിന, ജിലു ഫാത്തിമ എന്നിവർ അതിഥികളുമായി സംവദിക്കുകയും വിവിധ ആരോഗ്യ വിഷയങ്ങളുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു. ചടങ്ങിന്റെ ഭാഗമായി അതിഥികൾക്ക് കിൻഡറിലെ അത്യാധുനിക ലേബർ, ഡെലിവറി, റിക്കവറി, പോസ്റ്റ്പാർട്ടം സ്യൂട്ടുകളും ലെവൽ മൂന്നു നിയോനാറ്റൽ ഇന്റൻസീവ് കെയർ യൂണിറ്റും ഉൾപ്പെടെയുള്ള സൗകര്യങ്ങൾ നേരിട്ട് പരിചയപ്പെടാൻ ഗൈഡഡ് ഫെസിലിറ്റി ടൂറും ഒരുക്കിയിരുന്നു.

# മൺസൂൺ ടൂറിസം: മഞ്ഞും തണുപ്പും ആസ്വദിച്ച് സഞ്ചാരികൾ

**തൊടുപുഴ:** മഞ്ഞും തണുപ്പും മഴക്കാല കാഴ്ചകളും ആസ്വദിക്കാൻ ജില്ലയിലേക്കു സന്ദർശകരുടെ ഒഴുക്ക്. മലനിരകളെ മനോഹരമാക്കുന്ന കനത്ത മൂടൽമഞ്ഞും പെയ്യാൻ വെമ്പിനിൽക്കുന്ന കാർമേഘങ്ങളും ഉൾപ്പെടെ ആരുടെയും മനസിന് കുളിർമയേകുന്ന മഴക്കാല കാഴ്ചകൾ ആസ്വദിക്കാനാണ് കേരളത്തിനകത്തും പുറത്തുനിന്നുമായി സഞ്ചാരികളെത്തുന്നത്. കഴിഞ്ഞ ദിവസങ്ങളിൽ മൂന്നാറിൽ മണ്ണിടിച്ചിൽ ഭീഷണി ഉണ്ടായതിനെത്തുടർന്ന് ഇവിടേക്കു സന്ദർശകർക്ക് ജില്ലാ ഭരണകൂടം വിലക്കേർപ്പെടുത്തിയിരുന്നു. ഇതും നീക്കിയതോടെ മൂന്നാറിലേക്കു കൂടുതൽ പേർ എത്തിത്തുടങ്ങി. വാഗമണ്ണിലും വലിയ തോതിലാണ് സന്ദർശകരെത്തുന്നത്. രണ്ടു ദിവസങ്ങളായി വാഗമൺ, രാമക്കൽമേട് ടൂറിസം കേന്ദ്രങ്ങളിൽ വലിയ തിരക്കനുഭവപ്പെടുന്നുണ്ട്.

കഴിഞ്ഞ മാസവും ജില്ലയിൽ വിനോദ സഞ്ചാരികളുടെ തിരക്കായിരുന്നു. കഴിഞ്ഞ മാസം 2,34,673 പേരാണ് ജില്ലയിലെ വിനോദസഞ്ചാര കേന്ദ്രങ്ങൾ സന്ദർശിച്ചത്. ഇതിൽ കൂടുതൽ പേരും സന്ദർശിച്ചത്. വാഗമൺ ടൂറിസ്റ്റ് കേന്ദ്രമാണ്. മൊട്ടക്കുന്ന് 68,762 പേരും സാഹസിക പാർക്ക് 51,498 പേരും സന്ദർശിച്ചു. മൂന്നാർ ബൊട്ടാണിക്കൽ ഗാർഡൻ 55,686 പേർ സന്ദർശിച്ചു. രാമക്കൽമേട്ടിൽ എത്തിയത് 8,512 സന്ദർശകരാണ്. പാഞ്ചാലിമേട്17,567, ഹിൽവ്യൂ പാർക്ക് 7,200, ആമപ്പാറ2,818, എസ്എൻ പുരം19,318, അരുവിക്കുഴി1,911, ഇടുക്കി പാർക്ക് 632, മൂന്നാർ പാർക്ക് 769 എന്നിങ്ങനെയാണ് മറ്റ് വിനോദ സഞ്ചാര കേന്ദ്രങ്ങളിലെത്തിയവരുടെ കണക്ക്.



മഴയും മഞ്ഞും ചേർന്ന് ഒരുക്കുന്ന കുളിർമ ആസ്വദിക്കാൻ ഈ മാസവും കൂടുതൽ പേർ ജില്ലയിലേക്കെത്തുമെന്നാണ് ഡിടിപിസിയുടെയും ടൂറിസം സംരംഭകരുടെയും പ്രതീക്ഷ.

മൂന്നാർ, വാഗമൺ എന്നിവിടങ്ങളിലെ റിസോർട്ടുകൾ, ഹോട്ടലുകൾ, ഹോം സ്റ്റേകൾ എന്നിവയ്ക്കു മൺസൂൺ കാലം ഏറെ പ്രതീക്ഷകൾ നൽകുന്ന സമയമാണ്. കൂടുതൽ റിസോർട്ടുകളിലും ഹോം സ്റ്റേകളിലും വിനോദ സഞ്ചാരികൾ മുൻകൂർ ബുക്കിംഗ് നടത്തിയിട്ടുണ്ട്.

ഓഫ് റോഡ് ഡ്രൈവർമാർക്കും മൺസൂൺ കാലം ചാകരയാണ്. വാഗമണ്ണിലും മൂന്നാറിലുമെല്ലാം നൂറുകണക്കിന് ഓഫ് റോഡ് ഡ്രൈവർമാരാണ് സന്ദർശകരെ കയറ്റി ചീറിപ്പായുന്നത്.

മഞ്ഞുമൂടിക്കിടക്കുന്ന മലനിരകളിലേക്ക് ഓഫ് റോഡ് യാത്ര പുത്തൻ അനുഭവമാണ് സന്ദർശകർക്ക് നൽകുന്നത്. മഴക്കാലത്ത് അപകട സാധ്യതയുള്ള പാതകളിലൂടെയുള്ള ഓഫ് റോഡ് യാത്ര നടത്താൻ പാടില്ലെന്ന് അധികൃതർ കർശന നിർദേശം നൽകിയിട്ടുണ്ട്.

മൂന്നാറും വാഗമണ്ണും തേക്കടിയും കൂടാതെ മഴക്കാലത്ത് സഞ്ചാരികൾ സന്ദർശനം നടത്തുന്ന മറ്റിടങ്ങളിലും തണുത്ത കാലാവസ്ഥ ആസ്വദിക്കാൻ സന്ദർശകരെത്തുന്നുണ്ട്.

മഞ്ഞുമൂടിയ രാമക്കൽമേട് സന്ദർശിക്കാൻ ഒട്ടേറെ ആളുകളെത്തുന്നുണ്ട്. ഇതിനു പുറമേ കാൽവരിമൗണ്ട്, അഞ്ചുരുളി, പരുന്തുംപാറ, തൊമ്മൻകുത്ത്, ആനയാടികുത്ത് എന്നിവിടങ്ങളിലും സന്ദർശക തിരക്കുണ്ട്.

## ലക്ഷ്യ – എംഎൽഎ സിവിൽ സർവീസ് പരിശീലന പദ്ധതി

**ചങ്ങനാശേരി:** നിയമ സഭാമണ്ഡലം പരിധിയിൽ വരുന്ന വിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർഥികൾക്കായി വിനു ജോബ് എംഎൽഎയുടെ നേതൃത്വത്തിൽ സൗജന്യ സിവിൽ സർവീസ് പരിശീലന പദ്ധതി ആരംഭിക്കുന്നു.

തിരുവനന്തപുരം അബ്സല്യൂട്ട് ഐഎഎസ് അക്കാദമിയുമായി ചേർന്ന് നടപ്പിലാക്കുന്ന പരിശീലന പദ്ധതിയിൽ 50 വിദ്യാർഥികൾക്കാണ് പ്രവേശനം ലഭിക്കുന്നത്. കറന്റ് അഫയേഴ്സ്, പൊതു വിജ്ഞാനം, ഹിസ്റ്ററി, ജോഗ്രഫി, ഇക്കണോമിക്സ്, ഇന്ത്യൻ കോൺസ്റ്റിട്യൂഷൻ, ഇംഗ്ലീഷ്, ലോജിക്കൽ റീസണിംഗ് തുടങ്ങിയവ ഉൾകൊള്ളിച്ചു കൊണ്ടുള്ള പരിശീലന പരിപാടിയുടെ ഭാഗമായി ഐഎഎസ് /ഐപി എസ് ഉദ്യോഗസ്ഥരുമായുള്ള സംവാദവും നടക്കും.

ദിനം പ്രതിയുള്ള ന്യൂസ് അനാലിസിസ്, വ്യക്തിത്വ വികസന ക്ലാസുകൾ, ആത്മ വിശ്വാസം മെച്ചപ്പെടുത്താനുള്ള സെഷനുകൾ എന്നിവയും പരിശീലന പദ്ധതിയുടെ ഭാഗമാണ്.

സിഎൻഎൻ ചേഞ്ച് മേക്കർ ഓഫ് ഇന്ത്യാ അവാർഡ് ജേതാവും അബ്സല്യൂട്ട് ഐഎഎസ് അക്കാദമി ഡയറക്ടറുമായ ഡോ. ജോബിൻ എസ് കൊട്ടാരത്തിന്റെ നേതൃത്വത്തിലുള്ള ടീമാണ് ലക്ഷ്യ എന്ന് പേരിട്ടിരിക്കുന്ന ഈ പരിശീലന പരിപാടിക്ക് നേതൃത്വം നൽകുന്നത്.

2035ൽ ചങ്ങനാശേരിയിൽ നിന്നും അമ്പതോളം സിവിൽ സർവീസ് ഉദ്യോഗസ്ഥരെ വാർത്തെടുക്കുകയാണ് പദ്ധതിയുടെ ലക്ഷ്യമെന്ന് വിനു ജോബ് എംഎൽഎ പറഞ്ഞു.പദ്ധതിയിൽ ചേരുവാൻ ആഗ്രഹിക്കുന്ന വിദ്യാർഥികൾ 9447259402 എന്ന നമ്പറിൽ ബന്ധപ്പെടുക.എല്ലാ ശനിയാഴ്ചയും വൈകുന്നേരം ഓൺലൈൻ വഴിയാണ് ക്ലാസുകൾ ക്രമീകരിച്ചിരിക്കുന്നത്. ആറുമുതൽ ഒമ്പതുവരെ ക്ലാസുളിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് വാർഡ് മെംബറിന്റെയോ, സ്കൂൾ പ്രിൻസിപ്പലിന്റെയോ സാക്ഷ്യ പത്രം സഹിതം അപേക്ഷിക്കാം.

### തിരുവനന്തപുരം– മംഗളൂരു ഓണം സ്പെഷൽ ട്രെയിൻ; ഓഗസ്റ്റ് 12 മുതൽ

**തിരുവനന്തപുരം:** തിരുവനന്തപുരം നോർത്ത്–മംഗളൂരു ജംക്ഷൻ ഓണം സ്പെഷൽ ട്രെയിൻ (06093) ഓഗസ്റ്റ് 12 മുതൽ സെപ്റ്റംബർ 9 വരെ ബുധനാഴ്ചകളിൽ രാവിലെ 9ന് പുറപ്പെട്ട് രാത്രി 9ന് മംഗളൂരു ജംക്ഷനിൽ എത്തും. മടക്ക ട്രെയിൻ (06094) ഓഗസ്റ്റ് 13 മുതൽ സെപ്റ്റംബർ 3 വരെ വ്യാഴാഴ്ചകളിൽ ഉച്ചയ്ക്കു 3.15ന് പുറപ്പെട്ട് പിറ്റേദിവസം രാവിലെ 5.30ന് തിരുവനന്തപുരത്ത് എത്തും. കോട്ടയം, എറണാകുളം, ഷൊർണൂർ വഴിയാണു സർവീസ്.




ചോക്ക് 2026 സംസ്ഥാനതല അധ്യാപക കോൺഫറൻസ് ഉദ്ഘാടനം നിർവഹിക്കുന്ന ഉമ തോമസ് എം.എൽ.എ. ഒപ്താൽമോളജിസ്റ്റ് ഡോ. അനു, സൈക്യാട്രിസ്റ്റ് ഡോ. പീസ്, ജെയിൻ ഡീംഡ് യൂണിവേഴ്സിറ്റി ഹെഡ് ഓഫ് ഇൻഡസ്ടറി എൻഗേജ്മെന്റ് ഡോ. രാധാകൃഷ്ണൻ ഉണ്ണി, പ്രയത്ന സെന്ററിന്റെ സ്ഥാപകനും ചെയർമാനുമായ ഡോ. ജോസഫ് സണ്ണി കുന്നശ്ശേരി എന്നിവർ സമീപം.

## ചോക്ക് 2026 സംസ്ഥാനതല അധ്യാപക കോൺഫറൻസ് ഉദ്ഘാടനം ചെയ്തു

**കൊച്ചി:** കൊച്ചി പ്രയത്ന ചൈൽഡ് ഡെവലപ്മെന്റ് സെന്ററും ജെയിൻ യൂണിവേഴ്സിറ്റിയും (ഡീംഡ് ടു ബി) സംയുക്തമായി, ഐഎബിടി (ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഓട്ടിസം ആൻഡ് ബിഹേവിയറൽ തെറാപ്പി), ബ്രിഡ്ജ് ബിയോണ്ട് ഫൗണ്ടേഷൻ എന്നിവയുടെ സഹകരണത്തോടെ ചോക്ക് 2026 സംസ്ഥാനതല അധ്യാപക വികസന കോൺഫറൻസ് നടന്നു. കേരളത്തിലെ വിവിധ ഇടങ്ങളിൽ നിന്നായി 100ഓളം അധ്യാപകരാണ് കോൺഫറൻസിന്റെ ഭാഗമായത്. ജെയിൻ യൂണിവേഴ്സിറ്റിയിൽ നടന്ന കോൺഫറൻസിൽ ഇൻക്ലൂസീവ് വിദ്യാഭ്യാസം എത്രത്തോളം പ്രാധാന്യമാണെന്നും എല്ലാ അധ്യാപകർക്കും അതിലുള്ള അറിവും പരിശീലനവും നൽകേണ്ടതിന്റെ ആവശ്യകതയും ചർച്ച ചെയ്തു.

'രക്ഷിതാക്കൾ കഴിഞ്ഞാൽ, കുട്ടികളിലെ പഠനവൈകല്യങ്ങൾ ആദ്യം തിരിച്ചറിയുന്നത് അധ്യാപകരാണ്. ക്ലാസ് മുറിക്കുള്ളിൽ ഈ ആവശ്യങ്ങൾ തിരിച്ചറിയാനും കൈകാര്യം ചെയ്യാനും അധ്യാപകരെ സജ്ജമാക്കുന്ന ഇതുപോലുള്ള സമ്മേളനം അത്യന്താപേക്ഷിതമാണ്. ഇത്തരമൊരു സംരംഭത്തിന് നേതൃത്വം നൽകുന്ന പ്രയത്നയെ ചടങ്ങ് ഉദ്ഘാടനം ചെയ്ത ഉമ തോമസ് എംഎൽഎ അഭിനന്ദിച്ചു. പഠനത്തിന് അദ്ധ്യാപകരുടെയും രക്ഷിതാക്കളുടെയും കൂടുതൽ ശ്രദ്ധ ആവശ്യമുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് ആവശ്യമായ രീതിയിലുള്ള വിദ്യാഭ്യാസരീതികൾ ക്ലാസ് മുറികളിൽ നടപ്പാക്കി ആവശ്യമായ അറിവും പ്രായോഗിക നൈപുണ്യവും പകർന്ന് നൽകുന്നതിന് അധ്യാപകരെ പ്രാപ്തമാക്കുന്നതിനാണ് ഇത്തിരത്തിലൊരു കോൺഫറൻസ് സംഘടിപ്പിച്ചതെന്ന് പ്രയത്ന സെന്ററിന്റെ സ്ഥാപകനും ചെയർമാനുമായ ഡോ. ജോസഫ് സണ്ണി കുന്നശ്ശേരി പറഞ്ഞു.ബി.എഡ്., എം.എഡ്., സൈക്കോളജി വിദ്യാർത്ഥികൾക്കായി സയിന്റിഫിക് സെഷനുകളും നടന്നു.

കാറ്റർപില്ലർസ് പ്രീസ്കൂൾ (മികച്ച ഇൻക്ലൂസീവ് പ്രീ സ്കൂൾ) കൊച്ചിൻ ഇന്റർനാഷണൽ സ്കൂൾ(മികച്ച ഇൻക്ലൂസീവ് സ്കൂൾ), ജെയിൻ ഡീംഡ്. ടു.ബി യൂണിവേഴ്സിറ്റി (മികച്ച ഇൻക്ലൂസീവ് കോളേജ്) ഷീജ അജയൻ (ഇൻക്ലൂസീവ് പ്രീ സ്കൂൾ അധ്യാപിക) നാദിയ ജോസ് (മികച്ച ഇൻക്ലൂസീവ് അപ്പർ പ്രൈമറി സ്കൂൾ അധ്യാപിക) എന്നിവരെ ചടങ്ങിൽ പുരസ്കാരം നൽകി ആദരിച്ചു.

# പുതിയ റോറോ കൊച്ചിയുടെ പൊതുഗതാഗത സംവിധാനത്തിന് കരുത്തേകും: മുഖ്യമന്ത്രി

**കൊച്ചി:** കൊച്ചിയുടെ പൊതുഗതാഗത സംവിധാനങ്ങൾക്ക് കരുത്തേകാൻ മൂന്നാമത് റോറോ വഴിയൊരുക്കുമെന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ. പുതിയ വെസൽ എത്തുന്നതോടെ പശ്ചിമ കൊച്ചിയിലേക്കും നഗരത്തിലേക്കുമുള്ള യാത്ര കൂടുതൽ സുഗമവും ആധുനികവുമായി മാറുമെന്നും കൊച്ചി നഗരസഭയുടെ മൂന്നാമത് റോറോ വെസലായ സേതുസാഗർ മൂന്നിൻറെ ഉദ്ഘാടനം വൈപ്പിൻ ബോട്ട് ജെട്ടിയിൽ നിർവഹിച്ച് സംസാരിക്കവേ മുഖ്യമന്ത്രി പറഞ്ഞു.

റോറോ സർവീസുകളിൽ സ്ത്രീകൾക്ക് സൗജന്യ യാത്ര പ്രഖ്യാപിച്ച കൊച്ചി നഗരസഭയുടെ തീരുമാനം പ്രശംസനീയമാണ്. ഈ പദ്ധതിയിലൂടെ സ്ത്രീകൾക്ക് ലഭിക്കുന്ന സാമ്പത്തിക ലാഭം അവരുടെ സ്വന്തം സമ്പാദ്യമായി മാറ്റി വയ്ക്കണം. സ്ത്രീകൾക്ക് സമൂഹത്തിൽ ആത്മവിശ്വാസവും അഭിമാനവും വളർത്താൻ ഇത്തരം സ്വന്തം സമ്പാദ്യങ്ങൾ സഹായിക്കുമെന്നും അതിനായി കെഎസ്എഫ്ഇ വഴി ഒരു പിങ്ക് ചിട്ടി ആരംഭിക്കാൻ സർക്കാർ മുൻകൈ എടുക്കുമെന്നും മന്ത്രി പറഞ്ഞു.

കൊച്ചിയുടെ കുടിവെള്ള ക്ഷാമത്തിന് ശാശ്വത പരിഹാരം കാണുന്നതിനായി 190 എംഎൽഡി ശേഷിയുള്ള ജലപദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ ഫോർട്ട്കൊച്ചി ബീച്ചിലെ ടൂറിസം സാധ്യതകൾ വർധിപ്പിക്കുന്നതിനായി ബീച്ച് നവീകരണത്തിനുള്ള നടപടികൾ ഉടൻ ആരംഭിക്കും. അത്യാധുനിക രീതിയിലുള്ള ഓഷ്യനേറിയം, ഫിലിം സിറ്റി, രാജ്യാന്തര നിലവാരത്തിലുള്ള മാരിടൈം മ്യൂസിയം എന്നിവ യാഥാർത്ഥ്യമാകുന്നതോടെ ലോകത്തിൻറെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വിനോദസഞ്ചാരികളുടെ പ്രധാന കേന്ദ്രമായി കൊച്ചി മാറുമെന്നും മുഖ്യമന്ത്രി പറഞ്ഞു.



മേയർ വി.കെ. മിനിമോൾ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. എംഎൽഎമാരായ മുഹമ്മദ് ഷിയാസ്, ടോണി ചമ്മണി, ടി.ജെ. വിനോദ്, ദീപക് ജോയ്, കൊച്ചി നഗരസഭ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ടി.കെ. അഷറഫ്, സിറ്റി പോലീസ് കമ്മീഷണർ കാളിരാജ് മഹേഷ് കുമാർ, കെഎസ്ഐഎൻസി മാനേജിംഗ് ഡയറക്ടർ ആർ. ഗിരിജ, സിഎസ്എംഎൽ സിഇഒ അരുൺ എൻ. നായർ, കൊച്ചിൻ ഷിപ്പ്യാർഡ് ലിമിറ്റഡ് സിഎംഡി വി.ജെ. ജോസ്, കൊച്ചി രൂപത ബിഷപ് ഡോ. ആൻറണി കാട്ടിപ്പറമ്പിൽ തുടങ്ങിയവർ പങ്കെടുത്തു.

വൈപ്പിൻഫോർട്ട്കൊച്ചി റോറോ സർവീസിൽ കൊച്ചി കോർപറേഷൻ പ്രഖ്യാപിച്ച സ്ത്രീകൾക്ക് സൗജന്യ യാത്രാ പദ്ധതി തുടങ്ങി. പുതിയ റോ റോയുടെ ഉദ്ഘാടന ചടങ്ങിൽ മുഖ്യമന്ത്രി വി.ഡി. സതീശൻ സ്ത്രീ സൗജന്യ യാത്രയുടെ പ്രഖ്യാപനം നടത്തി. ആദ്യ സീറോ ടിക്കറ്റ് മുഖ്യമന്ത്രി മേയർ വി.കെ. മിനിമോൾക്ക് നൽകി.

കാൽനടയാത്രക്കാരായ വനിതകൾക്കാണ് സൗജന്യ യാത്രാ അനുവദിക്കുന്നത്. വാഹനത്തിലെത്തുന്നവർക്ക് വാഹനത്തിന് നിശ്ചയിച്ചിട്ടുള്ള നിരക്ക് നൽകണം. ഭാവിയിൽ എല്ലാ കാൽനട യാത്രക്കാർക്കും റോറോയിൽ സൗജന്യ യാത്ര ഏർപ്പെടുത്തുകയാണ് ലക്ഷ്യമെന്ന് മേയർ അഡ്വ. വി.കെ. മിനിമോൾ പറഞ്ഞു.

# ജല വൈദ്യുത പദ്ധതികളിൽ ഉത്പാദനം ആരംഭിച്ചു

**കോടഞ്ചേരി:** ഇരുവഞ്ഞിപ്പുഴയിലും ചാലിപ്പുഴയിലും നീരൊഴുക്ക് വർധിച്ചതോടെ കോടഞ്ചേരി പഞ്ചായത്ത് പരിധിയിലെ അഞ്ച് ചെറുകിട ജല വൈദ്യുത പദ്ധതികളിൽ വൈദ്യുതി ഉത്പാദനം ആരംഭിച്ചു.

മുൻ വർഷത്തെ അപേക്ഷിച്ച് ഇത്തവണ മഴ കുറവായതിനാൽ വൈദ്യുത ഉത്പാദനം കുറവാണെന്ന് പവർഹൗസ് അധികൃതർ പറഞ്ഞു. കഴിഞ്ഞമാസം ചെറിയ തോതിൽ മഴ കിട്ടിയെങ്കിലും പുഴകളിൽ നീരൊഴുക്ക് കാര്യമായി വർധിക്കാത്തതിനാൽ പവർ ഹൗസുകളിൽ ഓരോ ജനറേറ്ററുകൾ വീതമാണ് പ്രവർത്തിക്കാനായത്.

ഈ മാസം മഴ ശക്തമായതോടെയാണ് എല്ലാ പവർ ഹൗസുകളിലും എല്ലാ ജനറേറ്ററുകളും പ്രവർത്തനക്ഷമമായത്. ചാലിപ്പുഴയിൽ പ്രവർത്തിക്കുന്ന കെഎസ്ഇബിയുടെ ഉടമസ്ഥതയിലുള്ള ചെമ്പുകടവ് ഒന്നും രണ്ടും ഘട്ടം പവർഹൗസുകളിൽ മൂന്ന് വീതം ജനറേറ്ററുകളും പ്രവർത്തിക്കുന്നുണ്ട്. ഈ സീസണിൽ ഇതുവരെ ചെമ്പുകടവ് ഒന്നാം ഘട്ടം പവർഹൗസിൽ 8.50 ലക്ഷം യൂണിറ്റ് വൈദ്യുതിയുടെയും ചെമ്പുകടവ് രണ്ടാം ഘട്ടം പവർഹൗസിൽ 12.50 ലക്ഷം യൂണിറ്റ് വൈദ്യുതിയുടെയും ഉത്പാദനം ഉണ്ടായി.

ഇരുവഞ്ഞിപ്പുഴയിൽ സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന മൂന്ന് ജനറേറ്ററുകൾ വീതമുള്ള ഹൈദരാബാദ് ആസ്ഥാനമായുള്ള രാജരത്ന കമ്പനിയുടെ ആനക്കാംപൊയിൽ മിനി ജല വൈദ്യുത പദ്ധതിയിൽ ഈ സീസണിൽ ഇതുവരെ അഞ്ച് ദശലക്ഷം യൂണിറ്റ് വൈദ്യുതിയുടെ ഉത്പാദനം നടന്നു. ഇരുവഞ്ഞിപ്പുഴയിൽ സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന മിനാർ സ്റ്റീൽ കമ്പനിയുടെ ഉടമസ്ഥതയിലുള്ള മൂന്ന് ജനറേറ്ററുകൾ വീതമുള്ള നാരങ്ങാത്തോട് പതങ്കയം ജല വൈദ്യുത പദ്ധതിയിൽ ഈ സീസണിൽ ഇതുവരെ മൂന്ന് ദശലക്ഷം യൂണിറ്റ് വൈദ്യുതിയുടെ ഉത്പാദനം നടന്നു.

ഇരുവഞ്ഞി പുഴയിൽ പ്രവർത്തിക്കുന്ന കൊച്ചിൻ സിയാൽ ഉടമസ്ഥതയിലുള്ള രണ്ട് ജനറേറ്ററുകളുള്ള അരിപ്പാറ ജലവൈദ്യുത പദ്ധതിയിൽ 24 ലക്ഷം യൂണിറ്റ് വൈദ്യുതിയുടെ ഉത്പാദനവും നടന്നു.ഇനിയുള്ള ദിവസങ്ങളിൽ നല്ല മഴ കിട്ടിയാൽ വൈദ്യുതി ഉത്പാദനത്തിൽ വർധന ഉണ്ടാകുമെന്നുള്ള പ്രതീക്ഷയിലാണ് പവർഹൗസ് അധികൃതർ.

# വൈദിക ജില്ലാ തീർഥാടന പദയാത്ര നടന്നു




**അഞ്ചൽ:** ധന്യൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ ഓർമ പെരുന്നാളിനോടനുബന്ധിച്ച് അഞ്ചൽ വൈദിക ജില്ലയുടെ ആഭിമുഖ്യത്തിൽ തീർഥാടന പദയാത്ര നടന്നു. മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ് അഞ്ചൽ വൈദിക ജില്ലാ സമിതിയാണ് പദയാത്രയ്ക്ക് നേതൃത്വം നൽകിയത്. ഇന്നലെ രാവിലെ ഏഴംകുളം ഹോളിഫാമിലി മലങ്കര കത്തോലിക്ക പള്ളിയിൽ നടന്ന സമൂഹബലിക്ക് ശേഷം പദയാത്ര ആരംഭിച്ചു.

ഫാ. ജയിംസ് പാറവിള കോർഎപ്പിസ്കോപ്പ പദയാത്ര ഉദ്ഘാടനം ചെയ്തു. വൈദിക ജില്ലാ വികാരി ഫാ.ബോവസ് മാത്യു ആമുഖപ്രസംഗം നടത്തി. എംസിവൈഎം ജില്ലാ ഡയറക്ടർ ഫാ. ക്രിസ്റ്റി ചരുവിള, ഏഴംകുളം വികാരി ഫാ. വർഗീസ് പുല്ലുംവിള എന്നിവർ പ്രസംഗിച്ചു.

എംസിവൈഎം ജില്ലാ പ്രസിഡന്റ് ജെയ്മോൻ അയ്യനേത്ത് വെള്ളിക്കുരിശും ജില്ലാ ഭാരവാഹികളായ അനീറ്റ ആൻ ലൈജു, അശ്വതി ജേക്കബ് എന്നിവർ പതാകകളും ഏറ്റുവാങ്ങി.

ഫാ. ജോസഫ് തോട്ടത്തിൽകടയിൽ, ഫാ. റെഞ്ചി മണിപ്പറമ്പിൽ, ഫാ. ഡാനി പുതുമന, ഫാ.ഗീവർഗീസ് കുറ്റിവടക്കേതിൽ, എംസിഎ വൈദിക ജില്ലാ പ്രസിഡന്റ് രാജൻ ഏഴംകുളം, ഭാരവാഹികളായ രാജുമോൻ ഏഴംകുളം, എൻ.വി. വിൻസെന്റ് എന്നിവർ പദയാത്രയ്ക്ക് നേതൃത്വം നൽകി.

ഉച്ചയ്ക്ക് പുനലൂരിൽനിന്നു വൈദിക ജില്ലാ വികാരി ഫാ.വിൻസെന്റ് ചരുവിളയുടെ നേതൃത്വത്തിൽ എത്തിയ തീർഥാടന പദയാത്രയുമായി അഞ്ചലിൽ സംഗമിച്ചു. തുടർന്ന് വൈകുന്നേരം പദയാത്രാസംഘം റാന്നിപെരുനാട്ടിൽനിന്നു വരുന്ന പ്രധാന പദയാത്രാ സംഘവുമായി ചേർന്നു.



# മധ്യകേരളത്തിലെ ആദ്യ എഐസിടിഇ ഐഡിയ ലാബ് സഹൃദയയിൽ

**കൊടകര:** മധ്യകേരളത്തിലെ ആദ്യത്തെ എഐസിടിഇ ഐഡിയ ലാബ് സഹൃദയ കോളജ് ഓഫ് എൻജിനിയറിംഗ് ആൻഡ് ടെക്നോളജിയിൽ ഉദ്ഘാടനം ചെയ്തു. ഓൾഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷനും (എഐസിടിഇ) സഹൃദയ കോളജും സംയുക്തമായി ആരംഭിച്ച ലാബ്, സൗത്ത് ഇന്ത്യൻ ബാങ്കിന്റെയും സഹൃദയയിലെ പൂർവ വിദ്യാർഥിയും ജോബിൻ ആൻഡ് ജിസ്മി കമ്പനി കോഫൗണ്ടറും സിഇഒയുമായ ജിസ്മി ജോബിന്റെയും സാമ്പത്തിക പങ്കാളിത്തത്തോടെ 1.2 കോടി ചെലവിട്ടാണു വികസിപ്പിച്ചത്.മന്ത്രി റോജി എം. ജോൺ ഉദ്ഘാടനം ചെയ്തു.

ഇരിങ്ങാലക്കുട രൂപത മെത്രാനും ഇരിങ്ങാലക്കുട ഡയോസിഷൻ എഡ്യൂക്കേഷണൽ ട്രസ്റ്റിന്റെ (ഐഡിഇടി) ചെയർമാനുമായ മാർ പോളി കണ്ണൂക്കാടൻ, ചാലക്കുടി എംഎൽഎ ടി.ജെ. സനീഷ് കുമാർ ജോസഫ്, സഹൃദയ കോളജ് മാനേജർ മോൺ. വിൽസൺ ഈരത്തറ, എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ഡോ. ആന്റോ ചുങ്കത്ത്, ഫിനാൻസ് ഓഫീസർ ഫാ. അനിൽ പുത്തൻശേരി, ഡയറക്ടർ ഡോ. ലിയോൺ ഇട്ടിയച്ചൻ, ജോയിന്റ് ഡയറക്ടർ ഡോ. സുധാ ജോർജ് വാളവി, പ്രിൻസിപ്പൽ ഡോ. എസ്. രാംകുമാർ, എഐസിടിഇ ഐഡിയ ലാബ് കോഓർഡിനേറ്റർ ജിബിൻ ജോസ്, കോകോർഡിനേറ്റർ സെബിൻ ഡേവിസ് എന്നിവർ പങ്കെടുത്തു.

പുതിയ ആശയവുമായി എത്തുന്നവർക്ക് പൂർണ പ്രോട്ടോടൈപ്പ് വികസിപ്പിക്കാൻ സാധിക്കുന്ന സംവിധാനമാണ് ഐഡിയ ലാബ്. ഇലക്ട്രോണിക്സ് ഡിസൈൻ ആൻഡ് പ്രോട്ടോടൈപ്പിംഗ് സ്റ്റുഡിയോ, ഡിജിറ്റൽ മാനുഫാക്ചറിംഗ് സ്റ്റുഡിയോ, റാപ്പിഡ് പ്രോട്ടോടൈപ്പിംഗ് സ്റ്റുഡിയോ, ഫാബ്രിക്കേഷൻ സ്റ്റുഡിയോ എന്നിങ്ങനെ പ്രത്യേക സ്റ്റുഡിയോകളാണു ലാബിന്റെ ഭാഗമായുള്ളത്. പിസിബി ഫാബ്രിക്കേഷൻ, 3ഡി പ്രിന്ററിംഗ് (അഡിറ്റീവ് മാനുഫാക്ചറിംഗ്), സിഎൻസി മെഷീനിംഗ്, ലേസർ കട്ടിംഗ്, എംബഡഡ് സിസ്റ്റംസ് ഡെവലപ്മെന്റ് തുടങ്ങിയ അത്യാധുനിക സാങ്കേതിക സൗകര്യങ്ങൾ ഇവിടെ ലഭ്യമാണ്.

# മലബാർ റിവർ ഫെസ്റ്റിവൽ; ആവേശമായി ജനകീയ ട്രക്കിംഗ്




**കൂടരഞ്ഞി:** അന്താരാഷ്ട്ര മലബാർ റിവർ ഫെസ്റ്റിവൽ പ്രീ ഇവന്റിന്റെ ഭാഗമായി സംഘടിപ്പിച്ച ജനകീയ ട്രക്കിംഗ് പങ്കെടുത്തവർക്ക് നവ്യാനുഭവമായി. കൂടരഞ്ഞി പഞ്ചായത്തും ഗ്രീൻസ് കൂടരഞ്ഞിയും സംയുക്തമായി സംഘടിപ്പിച്ച ട്രക്കിംഗിൽ വിവിധ പ്രായത്തിൽപ്പെട്ട നിരവധി പേർ പങ്കെടുത്തു. സി.കെ. കാസിം എംഎൽഎ ഫ്ലാഗ് ഓഫ് ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് ബോബി ഷിബു അധ്യക്ഷത വഹിച്ചു. കൂടരഞ്ഞി പഞ്ചായത്ത് വൈസ് പ്രസിഡന്റ് ജോർജുകുട്ടി കക്കാടംപൊയിൽ,

കോടഞ്ചേരി പഞ്ചായത്ത് വൈസ് പ്രസിഡന്റ് അലക്സ് തോമസ് ചെമ്പകശേരി, ജില്ല പഞ്ചായത്ത് അംഗം രാജേഷ് എടവലത്ത്, ബ്ലോക്ക് പഞ്ചായത്ത് അംഗം ജിമ്മി ജോസ് പൈമ്പള്ളിയിൽ, സ്ഥിരം സമിതി ചെയർമാൻമാരായ നിസാറ ബീഗം, ആയിഷബി ഷിയാസ് എന്നിവർ പ്രസംഗിച്ചു.

ബാബു ചെല്ലന്തറയിൽ, ടോമി പ്ലാത്തോട്ടം, തങ്കച്ചൻ മാതാളി കുന്നേൽ, ജയേഷ് സ്രാമ്പിക്കൽ തുടങ്ങിയവർ നേതൃത്വം നൽകി. താഴെക്കക്കാട് നിന്ന് ആരംഭിച്ച ട്രക്കിംഗ് കാറ്റടിക്കുന്ന് വ്യൂ പോയിന്റ് വരെ ഏകദേശം രണ്ടര കിലോമീറ്റർ ദൂരമാണ് പിന്നിട്ടത്. പശ്ചിമഘട്ടത്തിന്റെ പ്രകൃതിഭംഗി ആസ്വദിച്ചുകൊണ്ടായിരുന്നു യാത്ര. അന്താരാഷ്ട്ര വൈറ്റ് വാട്ടർ കയാക്കിംഗ് മത്സരങ്ങളോടുള്ള ജനപങ്കാളിത്തവും ആവേശവും വർധിപ്പിക്കുന്നതിൽ പ്രീഇവന്റുകൾ നിർണായക പങ്കുവഹിച്ചതായി സംഘാടകർ പറഞ്ഞു.

മലബാറിന്റെ വിനോദസഞ്ചാര സാധ്യതകൾ ദേശീയഅന്തർദേശീയ തലങ്ങളിൽ കൂടുതൽ ശ്രദ്ധേയമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് മലബാർ റിവർ ഫെസ്റ്റിവലും അനുബന്ധ പരിപാടികളും സംഘടിപ്പിക്കുന്നത്. 30 നാണ് മലബാർ റിവർ ഫെസ്റ്റിവൽ ആരംഭിക്കുന്നത്.

# പാലായുടെ തനതു രുചിപ്പെരുമ ലോകമെങ്ങും എത്താൻ ഇനി പാലനോവ

**പാലാ:** പാലായുടെ തനതു രുചിപ്പെരുമ ലോകമെങ്ങും എത്താൻ ഇനി പാലനോവ. കർഷകന്റെ സ്വന്തം നാടായ പാലായിൽ കർഷകർക്കായി പാലാ രൂപതയുടെ കർഷക ശക്തീകരണ പദ്ധതിയായ കർഷക ബാങ്കിന്റെ കാർഷിക മൂല്യവർധിത സംരംഭമായി ആരംഭിച്ച പാലാ സാന്തോം ഫുഡ് ഫാക്ടറിയിൽ നിർമിക്കുന്ന ഉത്പന്നങ്ങളാണ് പാലനോവ ഫുഡ്സ് എന്ന പേരിൽ ഇന്ന് ലോകത്തെമ്പാടും എത്തുന്നത്. ലോകമെമ്പാടുമുള്ള മലയാളികൾക്കും പ്രത്യേകിച്ച് അവിടെയുള്ള പാലാക്കാർക്കും പാലായുടെ തനതു രുചി ലഭിക്കാൻ പാലനോവ ഉത്പന്നങ്ങൾ വഴിയൊരുക്കുന്നു. യുകെ, അയർലൻഡ്, ജർമനി അടക്കമുള്ള പത്തു രാജ്യങ്ങളിലേക്ക് പാലനോവ ഉത്പന്നങ്ങൾ എത്തിക്കഴിഞ്ഞു.

പച്ചക്കപ്പ സംസ്കരിച്ചത്, വാക്വം ഫ്രൈഡ് ചക്കപ്പഴം ചിപ്സ്, ചക്ക ചിപ്സ്, കപ്പ ചിപ്സ്, മഞ്ഞൾ പൊടി, മീറ്റ് മസാല, ചിക്കൻ മസാല, സാമ്പാർ പൗഡർ, ഗരം മസാല, മല്ലിപ്പൊടി, മുളകുപൊടികൾ തുടങ്ങിയ ഉത്പന്നങ്ങളാണ് പാലനോവ ഫുഡ്സ് എന്ന ബ്രാൻഡിൽ ആദ്യ ഘട്ടത്തിൽ പുറത്തിറക്കിയിരിക്കുന്നത്. രാസവളങ്ങളോ രാസ കീടനാശിനികളോ ഉപയോഗിക്കാത്ത കൃഷിയിടങ്ങളിൽനിന്നു നേരിട്ടു സംഭരിച്ച് ഗുണമേന്മ ഉറപ്പുവരുത്തി നൂതന സാങ്കേതിക വിദ്യയിലൂടെ മൂല്യവർധിത ഉത്പന്നങ്ങളാക്കി ആഭ്യന്തര വിപണിയിലും വിദേശ വിപണിയിലും ലഭ്യമാക്കുകയെന്ന ലക്ഷ്യം മുൻനിർത്തിയാണ് പാലനോവ ഉത്പന്നങ്ങൾ യാഥാർഥ്യമായിട്ടുള്ളത്.

പാലാ രൂപതയുടെ ഉടമസ്ഥതയിലുള്ള കരൂർ മുണ്ടുപാലം സ്റ്റീൽ ഇന്ത്യ കാമ്പസിലെ അഗ്രോ ഇൻഡസ്ട്രിയൽ പാർക്കിലാണ് പാലനോവ ഉത്പന്നങ്ങൾ നിർമിക്കുന്ന സാന്തോം ഫാക്ടറി. നൂതന സാങ്കേതിക വിദ്യകളും യന്ത്രസാമഗ്രികളും വിനിയോഗിച്ചുള്ള മൂല്യവർധിത സംരംഭമാണ് അത്യാധുനിക രീതിയിലുള്ള ഫുഡ് ഫാക്ടറി. നാട്ടിൽ സുലഭമായിട്ടുള്ള ചക്കയും കപ്പയും കൈതച്ചക്കയും ഏത്തക്കയും ഇതര പഴവർഗങ്ങളും പച്ചക്കറികളും കർഷകരിൽനിന്നു ന്യായവിലയ്ക്ക് സംഭരിച്ച് മൂല്യവർധിത ഉത്പന്നങ്ങളാക്കി വിപണിയിലിറക്കുകയാണ് സാന്തോം ഫുഡ് ഫാക്ടറിയുടെ ലക്ഷ്യം. സംസ്ഥാന കൃഷി വകുപ്പിന്റെ സ്മോൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യമെന്ന എസ്എഫ്എസിയിൽനിന്നു കോട്ടയം ജില്ലയിൽ അനുവദിച്ച നാല് എഫ്പിഒകളിലൊന്നാണ് സാന്തോം എഫ്പിഒ.

കർഷകർക്ക് അവരുടെ വിളകളോ ഉത്പന്നങ്ങളോ ഉണക്കാനുള്ള ഒരു യൂണിറ്റല്ല മറിച്ച് ഉത്പന്നങ്ങൾക്ക് ന്യായവില ഉറപ്പുവരുത്തി വിൽക്കാനും അവയെ മൂല്യവർധിത ഉത്പന്നങ്ങളാക്കി മാറ്റാനുമുള്ള സാധ്യതയാണ് ഫാക്ടറി ഉറപ്പുവരുത്തുന്നത്.രൂപത സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ കീഴിൽ കാഞ്ഞിരമറ്റം അഗ്രോ പ്രൊഡ്യൂസർ കമ്പനിയുടെ കാൻ വേ പ്രൊഡക്ഷൻസ് യൂണിറ്റിലും മുഴൂർ കാർഷിക വിള മൂല്യവർധിത സംഭരണ കേന്ദ്രം, മുഴൂർ മിത്രം പ്രൊഡക്ഷൻ യൂണിറ്റ്, മാൻവെട്ടം, വയല, വെള്ളിയാമറ്റം എന്നിവിടങ്ങളിലെ പ്രൊഡക്ഷൻ യൂണിറ്റുകളിലും ആയിരക്കണക്കിനു കിലോ കാർഷിക വിളകളുടെ പ്രാഥമിക സംസ്കരണം നടന്നുവരുന്നുണ്ട്. ഇവിടെനിന്നു കയറ്റുമതി നേരത്തേ തുടങ്ങിയിരുന്നു. ഈ യൂണിറ്റുകളുടെ മദർ യൂണിറ്റായിട്ടാണ് ഇപ്പോൾ സാന്തോം ഫാക്ടറി പ്രവർത്തിക്കുന്നത്. മീനച്ചിൽ താലൂക്ക് കാർഷിക മേഖലയാണ്. ഇവിടെ കൃഷി തൊഴിലും സംസ്കാരവുമാണ്. പുതുതലമുറ കൃഷിയിൽ നിന്ന് അകലുന്നതും വിദേശ രാജ്യങ്ങളിൽ വിദ്യാഭ്യാസത്തിനും തൊഴിലിനുമായി പോകുന്നതുമായ സഹചര്യമാണുള്ളത്. പല വീടുകളിൽനിന്നും മാതാപിതാക്കൾ താത്കാലികമായോ സ്ഥിരമായോ പ്രവാസി ജീവിതത്തിനു നിർബന്ധിതരാകുന്നു. ഈ സാഹചര്യത്തിൽ ഒട്ടേറെ വീടുകൾ അടഞ്ഞുകിടക്കുകയും കൃഷിയിടങ്ങൾ കാടുകളായി മാറുകയും ചെയ്തു. ഇപ്രകാരം പാഴായിക്കിടക്കുന്ന കൃഷിയിടങ്ങളിൽ സംഘ കൃഷി സാധ്യതകൾ വളർത്തിയെടുക്കാനും വിഷരഹിതമായ കൃഷിയും മായം കലരാത്ത ഉത്പന്നങ്ങളുമുണ്ടാക്കി പ്രവാസി സമൂഹത്തിന് എത്തിക്കാനുമാണ് ഫാക്ടറിയും പാലനോവയും ലക്ഷ്യംവയ്ക്കുന്നത്.



പാലാ രൂപതയിലെ വിവിധ ഇടവകകൾതോറും പ്രവർത്തിക്കുന്ന കർഷക ഉത്പാദക സംഘടനകൾ, കർഷകദള ഫെഡറേഷനുകൾ, ഫാർമേഴ്സ് ക്ലബ്ബുകൾ, സ്വാശ്രയ സംഘങ്ങൾ തുടങ്ങിയവ വഴി ചക്കയും കപ്പയും കൈതച്ചക്കയും ഏത്തക്കയും ഇതര പഴവർഗങ്ങളും പച്ചക്കറികളും കർഷകരിൽനിന്നു ന്യായവിലയ്ക്ക് സംഭരിക്കും. ഇവയെ ഫാക്ടറിയിൽ സംസ്കരിച്ച് മൂല്യവർധിത ഉത്പന്നങ്ങളാക്കും. ആഭ്യന്തര വിപണി മാത്രമല്ല വിദേശ രാജ്യങ്ങളിലേക്കും വിപണി ശൃംഖല വ്യാപിപ്പിച്ച് ഗുണമേന്മയുള്ള ഭക്ഷ്യവസ്തുക്കൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് തനതുബ്രാൻഡിൽ എത്തിക്കുന്ന ഉദ്യമമാണ് ഫാക്ടറിയുടെയും പാലനോവയുടെയും ലക്ഷ്യം. കഴിഞ്ഞ വർഷം ജൂലൈ 14ന് കൃഷി മന്ത്രി പി. പ്രസാദാണ് ഫാക്ടറി ഉദ്ഘാടനം ചെയ്തത്. ഭക്ഷ്യവസ്തുക്കളുടെ പരിശോധയ്ക്കും മറ്റുമായുള്ള ലാബ് സൗകര്യവും ഫാക്ടറിയോടു ചേർന്നുണ്ട്. പാലനോവ ഉത്പന്നങ്ങളുടെ കയറ്റുമതിയുടെ ലോഞ്ചിംഗും ഔട്ട്ലറ്റിന്റെ ഉദ്ഘാടനവും പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ടാണ് നിർവഹിച്ചത്. പാലായുടെയും മീനച്ചിൽ താലൂക്കിന്റെയും കാർഷിക ഭൂപടത്തിലെ പുതിയ അധ്യായമാണ് സാന്തോം ഫുഡ് ഫാക്ടറിയെന്നും അധ്വാനമഹത്വത്താൽ മണ്ണിൽ പൊന്നു വിളയിക്കുന്ന മീനച്ചിൽ താലൂക്കിലെ കർഷകരെ ചേർത്തു പിടിക്കാൻ സാന്തോം ഫുഡ് ഫാക്ടറിക്കും പാലനോവ ഉത്പന്നങ്ങൾക്കും കഴിയുമെന്ന് പാലാ രൂപത സോഷ്യൽ വെൽഫെയർ സൊസൈറ്റി ഡയറക്ടർ ഫാ. ജോസഫ് വാട്ടപ്പിള്ളിൽ പറഞ്ഞു.

പാലാ ടൗണിൽ സെന്റ് തോമസ് പ്രസിനു സമീപമാണ് പാലനോവ ഔട്ട്ലറ്റ്. ഇവിടെയുള്ള അഗ്രിമ കാർഷിക മാർക്കറ്റിലും പാലനോവ ഉത്പന്നങ്ങൾ ലഭിക്കും. മുട്ടുചിറയിലും കാഞ്ഞിരമറ്റത്തും ഉടൻ ഒട്ട് ലറ്റുകൾ തുടങ്ങും.

# കൊച്ചിയിൽ മൈജി എപ്പിക് ഫ്യൂച്ചർ ഷോറൂമിന് തുടക്കം

**കൊച്ചി:** മൈജിയുടെ ഏറ്റവും വലിയ ഡിജിറ്റൽ ഗാഡ്ജറ്റ്സ് ആൻഡ് ഹോം അപ്ലയൻസസ് ഷോറൂം മൈജി ഫ്യൂച്ചർ എപ്പിക് ഷോറൂം കൊച്ചി മറൈൻ ഡ്രൈവിൽ പ്രവർത്തനം ആരംഭിച്ചു. ഉദ്ഘാടനം ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല, മൈജി ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് ചെയർമാൻ എ.കെ.ഷാജി, ചലച്ചിത്രതാരങ്ങളായ മഞ്ജു വാര്യർ, ആസിഫ് അലി എന്നിവർ ചേർന്ന് നിർവഹിച്ചു.

35,000 സ്ക്വയർഫീറ്റിൽ രണ്ട് നിലകളിലായി സജ്ജീകരിച്ച ഏറ്റവും വലിയ ഡിജിറ്റൽ ഗാഡ്ജറ്റ്സ് ആൻഡ് ഹോം അപ്ലയൻസസ് ഷോറൂമാണിത്. കോഴിക്കോടിന് ശേഷം കേരളത്തിലെ രണ്ടാമത്തെ എപ്പിക് ഷോറൂമും. ആദ്യം ഷോറൂമിലെത്തിയ 500 പേർക്ക് ഏറ്റവും വലിയ വിലക്കുറവിൽ പ്രൊഡക്റ്റുകൾ സ്വന്തമാക്കാനുള്ള അവസരം, ഓരോ 10,000 രൂപയുടെ പർച്ചേസിനും 1600 രൂപ ക്യാഷ്ബാക്ക്, ഓരോ മണിക്കൂറിലും പർച്ചേസ് ചെയ്തവരിൽനിന്ന് തിരഞ്ഞെടുത്ത 2 ഭാഗ്യശാലികൾക്ക് വിലയേറിയ സമ്മാനങ്ങൾ എന്നിവ മൈജി ഉദ്ഘാടനത്തോടനുബന്ധിച്ച് ഒരുക്കിയിരുന്നു.




ലോകോത്തര ബ്രാൻഡുകളുടെ ഏറ്റവും പുതിയ ടെക്നോളജിയും വിപുലമായ കളക്ഷനുകളും ഒരൊറ്റ കുടക്കീഴിൽ അണിനിരക്കുകയാണ് മൈജി ഫ്യൂച്ചർ എപ്പിക് ഷോറൂമിലെന്ന് മൈജി ചെയർമാൻ എ.കെ. ഷാജി പറഞ്ഞു. ഉപഭോക്താക്കൾക്ക് ടെക്നോളജിയെ അടുത്തറിയാൻ കഴിയുന്ന അൾട്ടിമേറ്റ് എക്സ്പീരിയൻസ് ഹബ്ബാണിതെന്നും അദ്ദേഹം പറഞ്ഞു. വിവിധ തരം എക്സ്പീരിയൻസ് സോണുകളാണ് ഏറ്റവും വലിയ ആകർഷണം. പ്രോഡക്റ്റ് എക്സ്പീരിയൻസ് സോൺ, ഗെയിമിങ് പ്രേമികൾക്ക് ഗെയിമിങ് സോൺ, ഡ്രീം കിച്ചൺ പ്ലാൻ ചെയ്യുന്നവർക്കുള്ള ലൈവ് കിച്ചൺ, ആധുനിക വീടുകളെ ഡിജിറ്റൽ സംവിധാനങ്ങളുമായി സംയോജിപ്പിക്കുന്ന ഹോം ഓട്ടോമേഷൻ സോൺ എന്നിവ ഇവിടെയുണ്ട്. ലോകോത്തര നിലവാരത്തിലും മാതൃകയിലുമാണ് ഷോറൂം ഒരുക്കിയിരിക്കുന്നത്. മാളുകളിലേതുപോലുള്ള ഷോപ്പിംഗ് അനുഭവം കസ്റ്റമേഴ്സിന് ലഭിക്കും. ഹോം ആൻഡ് കിച്ചൺ അപ്ലയൻസസ്, സ്മോൾ അപ്ലയൻസസ്, ഗ്ലാസ് ആൻഡ് ക്രോക്കറി, ആക്സസറീസ്, ഐ ടി ആൻഡ് പേഴ്സണൽ കെയർ ഉൽപന്നങ്ങൾ, സെക്യൂരിറ്റി സിസ്റ്റംസ്, കസ്റ്റം മേഡ് കംപ്യൂട്ടറുകൾ, ഹോം ആൻഡ് ഓഫീസ് ഓട്ടോമേഷൻ സിസ്റ്റംസ്, വിവിധ രാജ്യങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്തിട്ടുള്ള കിച്ചൻ യൂട്ടൻസിൽസ് തുടങ്ങിയവയുടെ വിപുലമായ കളക്ഷനും മികവാണ്. കേരളത്തിലെ മറ്റു ജില്ലകളിലും എപ്പിക് ഷോറൂമുകൾ തുറക്കുമെന്ന് എ.കെ.ഷാജി പറഞ്ഞു

സൊസൈറ്റി ടുഡേ
SOCIETY TODAY




# കോഴിക്കോട് 6,000–മത് സർവീസ് ടച്ച്പോയിന്റ് തുറന്ന് മാരുതി സുസുക്കി

**കോഴിക്കോട്:** മാരുതി സുസുക്കി ഇന്ത്യ രാജ്യത്തെ 6,000ാമത് സർവീസ് ടച്ച്പോയിന്റ് കോഴിക്കോട് ഉദ്ഘാടനം ചെയ്തു. 1,820 ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിൽ കോയ റോഡിലാണ് അത്യാധുനിക സർവീസ് കേന്ദ്രം തുറന്നത്. വാഹന സർവീസിനൊപ്പം ബോഡി റിപ്പയർ, ഇലക്ട്രിക് വാഹന സർവീസ്, ചാർജിങ് സൗകര്യങ്ങളും ലഭ്യമാണ്. രാജ്യത്തെ 3,000–ത്തിലധികം നഗരങ്ങളിലും പട്ടണങ്ങളിലുമായി മാരുതി സുസുക്കിയുടെ സർവീസ് ശൃംഖല പ്രവർത്തിക്കുന്നതായി കമ്പനി അറിയിച്ചു. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 502 പുതിയ സർവീസ് ടച്ച്പോയിന്റുകൾ ആരംഭിച്ച കമ്പനി 2.84 കോടി വാഹനങ്ങൾക്ക് സേവനം നൽകിയിരുന്നു. ഈ സാമ്പത്തിക വർഷം രാജ്യത്തുടനീളം 500 പുതിയ സർവീസ് ടച്ച്പോയിന്റുകൾ കൂടി ആരംഭിക്കാനാണ് ലക്ഷ്യമെന്ന് കമ്പനി അറിയിച്ചു.

# ടിസിഎസ് 8900 എൻജിനിയർമാരുടെ ടീം രൂപീകരിക്കുന്നു

**മുംബൈ:** ടാറ്റാ കൺസൾട്ടൻസി സർവീസസ് 8900 എൻജിനിയർമാരുടെ ഒരു വലിയ ടീം രൂപീകരിക്കാനും ആർട്ടിഫിഷൽ ഇൻറലിജൻസ് (എഐ) മേഖലയിൽ പുതിയ കമ്പനികളെ ഏറ്റെടുക്കാനുമുള്ള തയാറെടുപ്പിൽ. ആർട്ടിഫിഷൽ ഇൻറലിജൻസ് തങ്ങളുടെ ഔട്ട്സോഴ്സിംഗ് ബിസിനസിനെ തകർക്കില്ലെന്നും പകരം പുതിയ ബിസിനസ് അവസരങ്ങൾ സൃഷ്ടിക്കുമെന്നുമാണ് കമ്പനി വിശ്വസിക്കുന്നതെന്ന് ടിസിഎസിലെ രണ്ടു മുതിർന്ന ഉദ്യോഗസ്ഥർ പറഞ്ഞു.

നിക്ഷേപകർക്കിടയിൽ നിലനിൽക്കുന്ന ശക്തമായ ആശങ്കകൾക്കിടയിലാണ് ടിസിഎസിന്റെ ഈ പുതിയ നീക്കം പുറത്തുവരുന്നത്. ആർട്ടിഫിഷൽ ഇൻറലിജൻസ് കാരണം എൻജിനിയറിംഗ് ടീമുകളുടെ ആവശ്യം കുറയുമെന്നും, പ്രോജക്റ്റുകൾ തീർക്കാനുള്ള സമയപരിധി ചുരുങ്ങുമെന്നും, ഉത്പാദനക്ഷമതയിലുണ്ടാകുന്ന ലാഭത്തിന്റെ പങ്ക് ക്ലയൻറുകൾ ആവശ്യപ്പെടുന്നതോടെ പ്രോജക്ട് നിരക്കുകൾ കുറയുമെന്നും നിക്ഷേപകർ ഭയപ്പെടുന്നു. ഇത് ഇന്ത്യയുടെ 315 ബില്യൺ ഡോളർ മൂല്യമുള്ള ഐടി സേവന വ്യവസായത്തെ ആകെ തകിടം മറിച്ചേക്കാമെന്നാണ് അവരുടെ ആശങ്ക. ഇന്ത്യയിലെ ഏറ്റവും വലിയ സോഫ്റ്റ്‌വേർ സേവന കമ്പനിയാണ് ടിസിഎസ്.

'ഞങ്ങളുടെ ആകെ ജീവനക്കാരിൽ 1 % മുതൽ 1.5 % വരെ പേരെ എഫ്ഡിഇ എന്ന് വിളിക്കാവുന്ന റോളുകളിലേക്ക് മാറ്റാൻ ഞങ്ങൾ തയാറെടുക്കുകയാണ്,' ടിസിഎസ് സിഇഒ കെ. കൃതിവാസൻ പറഞ്ഞു. ജൂൺ അവസാനത്തെ ടിസിഎസിന്റെ ആകെ ജീവനക്കാരുടെ എണ്ണം കണക്കിലെടുത്താൽ, കൃതിവാസൻ പറഞ്ഞ ശതമാനം ഏകദേശം 5,900 മുതൽ 8,900 വരെ ജീവനക്കാരായി മാറും. എന്നാൽ ഇതിനായി കമ്പനി പുറത്തുനിന്ന് പുതിയ ആളുകളെ എടുക്കുമോ അതോ നിലവിലുള്ള ജീവനക്കാർക്ക് പരിശീലനം നൽകുമോ എന്ന് അദ്ദേഹം വ്യക്തമാക്കിയില്ല.

മുംബൈ ആസ്ഥാനമായുള്ള ടിസിഎസ് വർഷങ്ങളായി ഏറ്റെടുക്കലുകളിൽ നിന്ന് വിട്ടുനിൽക്കുകയായിരുന്നു. സ്വന്തം നിലയിലുള്ള വളർച്ചയെ മാത്രം ആശ്രയിച്ചിരുന്ന കമ്പനി 2025 അവസാനത്തോടെ ആ നയം മാറ്റി. ഇതിന്റെ തുടർച്ചയായി എഐ, ഡാറ്റ സെക്യൂരിറ്റി, സൈബർ സെക്യൂരിറ്റി എന്നീ മേഖലകളിൽ പുതിയ കമ്പനികളെ ഏറ്റെടുക്കുന്ന കാര്യവും അവർ ഇപ്പോൾ പരിഗണിക്കുന്നുണ്ട്.



# ചർമാരോഗ്യ ദിനാചരണവുമായി എ.ബി.സി

**കൊച്ചി:** മികച്ച അറിവ്, മികച്ച ചർമ ആരോഗ്യം എന്ന പ്രമേയവുമായി ലോക ചർമ ആരോഗ്യ ദിനാചരണം സംഘടിപ്പിച്ചു. മലിനീകരണത്തിൽ നിന്നും ബാഹ്യ സമ്മർദങ്ങളിൽ നിന്നും ചർമത്തെ സംരക്ഷിക്കുന്നതിനൊപ്പം ശരീരത്തിന് നൽകുന്ന ആന്തരിക പോഷണവും ആരോഗ്യകരമായ ചർമത്തിന് അത്യാവശ്യമാണെന്ന് ഈ ദിനം ഓർമിപ്പിക്കുന്നതായി ഇതുസംബന്ധിച്ച ക്യാമ്പയിനിൽ ആൽമണ്ട് ബോർഡ് ഓഫ് കാലിഫോർണിയ ചൂണ്ടിക്കാട്ടി. കൃത്യമായ അറിവോടെയുള്ള ഭക്ഷണ തിരഞ്ഞെടുപ്പുകളും സജീവമായ ജീവിതശൈലിയും വഴി ചർമത്തിന്റെ ആരോഗ്യവും തിളക്കവും നിലനിർത്താന് സാധിക്കും. വിറ്റാമിന് ഇ, ബി വിറ്റാമിനുകൾ, സിങ്ക്, കോപ്പർ, പ്രോട്ടീന് തുടങ്ങിയ 24ഓളം അത്യാവശ്യ പോഷകങ്ങള് അടങ്ങിയ കാലിഫോർണിയ ബദാം ചർമസംരക്ഷണത്തിന് മികച്ചൊരു ഓപ്ഷനാണ്. ചർമകോശങ്ങളെ ഓക്സിഡേറ്റീവ് കേടുപാടുകളിൽ നിന്ന് സംരക്ഷിക്കാനും വരൾച്ച തടയാനും ബദാം സഹായിക്കുമെന്ന് ആരോഗ്യവിദഗ്ധരായ റിതിക സമദ്ദാർ, ഷീല കൃഷ്ണസ്വാമി എന്നിവർ വ്യക്തമാക്കി.

# മലങ്കര സൊസൈറ്റിയുടെ 333ാമത് ശാഖ വണ്ടൂരിൽ

**വണ്ടൂർ:** മലങ്കര സൊസൈറ്റിയുടെ 333ാമത് ശാഖ വണ്ടൂരിൽ പ്രവർത്തനമാരംഭിച്ചു. വണ്ടൂർ പഞ്ചായത്ത് പ്രസിഡൻറ് കെ.ടി. ഷംസുദ്ദീൻ ഉദ്ഘാടനം നിർവഹിച്ച് ആദ്യ നിക്ഷേപം സ്വീകരിച്ചു. മലങ്കര ക്രെഡിറ്റ് സൊസൈറ്റി സിഇഒ പി. ശിവപ്രകാശ് അധ്യക്ഷത വഹിച്ചു.

അടുത്ത അഞ്ചു വർഷത്തിനുള്ളിൽ 25,000 കോടി ടേണോവറുള്ള രാജ്യത്തെതന്നെ നമ്പർ വൺ കോഓപ്പറേറ്റീവ് സൊസൈറ്റിയായി മാറാനുള്ള പ്രയാണത്തിലാണു മലങ്കര ക്രെഡിറ്റ് സൊസൈറ്റിയെന്നും ഈ സാമ്പത്തികവർഷം കേരളം, തമിഴ്നാട്, കർണാടക എന്നീ സംസ്ഥാനങ്ങളിലായി 50 കസ്റ്റമർ ഫെസിലിറ്റേഷൻ സെൻറർ ആരംഭിക്കുമെന്നും സിഇഒ അറിയിച്ചു.

ഉദ്ഘാടനത്തോടനുബന്ധിച്ച് ബൈജു ചെമ്പ്ര ആദ്യ ഗോൾഡ് ലോണും ഉമ്മർകുട്ടി ആദ്യ ഗ്രൂപ്പ് ലോണും കൈമാറി. സി.ടി. ചെറി, മുജീബ്, യൂസഫ് തെന്നാടൻ, മലങ്കര ക്രെഡിറ്റ് സൊസൈറ്റി എസ്ജിഎം വിജയ് സെബാസ്റ്റ്യൻ എന്നിവർ പ്രസംഗിച്ചു.

# ഇവി വില്പന കുതിച്ചു; ജൂണിൽ ഇവി വിഹിതം 12.5 ശതമാനം

**മുംബൈ:** ഇന്ത്യൻ വാഹനവിപണി ഇലക്ട്രിക് യുഗത്തിലേക്ക് കുതിക്കുന്നതിന്റെ തെളിവായി ജൂണിലെ റീട്ടെയിൽ കണക്കുകൾ. ഫെഡറേഷൻ ഓഫ് ഓട്ടോമൊബൈൽ ഡീലേഴ്സ് അസോസിയേഷൻ (എഫ്എഡിഎ) പുറത്തുവിട്ട റിപ്പോർട്ട് പ്രകാരം, രാജ്യത്ത് ജൂണിൽ 3,06,220 ലക്ഷം ഇവികൾ വിറ്റു. കഴിഞ്ഞ വർഷം ജൂണിൽ വിറ്റ 1,88,054 യൂണിറ്റുകളേക്കാൾ 63 ശതമാനം വർധനയാണിത്. ഇതോടെ മൊത്തം വാഹന വില്പനയിൽ ഇലക്ട്രിക് വാഹനങ്ങളുടെ വിഹിതം ആദ്യമായി 12.5 ശതമാനത്തിലെത്തി.

യാത്രാവാഹന വിഭാഗത്തിലും ഇലക്ട്രിക് വാഹനങ്ങൾ പുതിയ ഉയരം കീഴടക്കി. 2025 ജൂണിനേക്കാൾ രണ്ടു മടങ്ങിലധികം വർധിച്ച് ഇത്തവണ 31,823 ഇലക്ട്രിക് കാറുകൾ വിറ്റഴിഞ്ഞത് പ്രതിമാസ റിക്കാർഡാണ്. മുൻ മാസത്തേക്കാൾ 19.3 ശതമാനവും കഴിഞ്ഞ വർഷം ജൂണിനേക്കാൾ 107.8 ശതമാനവും വളർച്ചയാണ് ഇത്തവണ രേഖപ്പെടുത്തിയത്. 2025 ജൂണിൽ 15,318 യൂണിറ്റുകളുടെ വിൽപ്പന നടന്നു.

മൊത്തം കാർവിപണിയുടെ ഏകദേശം 7.7 ശതമാനവും ഇപ്പോൾ ഇലക്ട്രിക് മോഡലുകളാണ്. മേയിൽ 6.6 ശതമാനത്തിലായിരുന്നു. ഈ വിഭാഗത്തിൽ ടാറ്റ മോട്ടോഴ്സ് മുൻതൂക്കം നിലനിർത്തുമ്പോൾ മഹീന്ദ്ര, ജെഎസ്ഡബ്ല്യു എംജി മോട്ടോർ, ബിവൈഡി, വിൻഫാസ്റ്റ് തുടങ്ങിയ കമ്പനികളും വിപണി വികസിപ്പിക്കുകയാണ്.

ഈ വിഭാഗത്തിൽ 1.93 ലക്ഷം ഇലക്ട്രിക് സ്കൂട്ടറുകളും മോട്ടോർ സൈക്കിളുകളും വിറ്റഴിഞ്ഞതോടെ



ഇവി വിഹിതം ആദ്യമായി 10.6 ശതമാനത്തിലെത്തി. കഴിഞ്ഞ വർഷം ഇതേ കാലയളവിൽ വിറ്റി 1,10,719 യൂണിറ്റുകളേക്കാൾ 74.98 ശതമാനം വളർച്ചയാണ് ഈ ജൂണിലുണ്ടായത്.

ജൂണിൽ വിറ്റഴിച്ച മുച്ചക്ര വാഹനങ്ങളിൽ 64.1 ശതമാനവും ഇലക്ട്രിക്കായിരുന്നു. ജൂണിൽ 77,448 യൂണിറ്റുകൾ വിറ്റു. മുൻ വർഷം ഇതേ മാസം 60,802 യൂണിറ്റുകളാണ് വിറ്റത്. നഗരങ്ങളിലെ യാത്രാ ചരക്ക് സേവനങ്ങളിലാണ് ഇലക്ട്രിക് ഓട്ടോറിക്ഷകളുടെയും ചരക്ക് വാഹനങ്ങളുടെയും ഉപയോഗം വർധിച്ചതാണ് ഇതിന് പ്രധാന കാരണം.

വാണിജ്യ ഇലക്ട്രിക് വാഹനങ്ങളുടെ വില്പന എക്കാലത്തെയും ഉയർന്ന നിലയാണ് ജൂണിൽ രേഖപ്പെടുത്തിയത്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 163.7 ശതമാനം വർധനയിൽ 3214 യൂണിറ്റിലെത്തി. മുൻ വർഷം ജൂണിൽ 1219 യൂണിറ്റുകളുടെ സ്ഥാനത്തുനിന്നാണ് ഈ വളർച്ച.

12.5% എന്നത് വെറും കണക്ക് മാത്രമല്ല. ഇന്ത്യൻ വാഹനവിപണി പെട്രോൾ, ഡീസൽ കേന്ദ്രീകൃത ഘട്ടത്തിൽനിന്ന് ബദൽ ഊർജ വഹനങ്ങളിലേക്കുള്ള സ്ഥിരമായ മാറ്റത്തിന്റെ സൂചനയാണ്. പ്രത്യേകിച്ച് മുച്ചക്ര വാഹനങ്ങളിലും ഇരുചക്രവാഹനങ്ങളിലും വൈദ്യുതീകരണം അതിവേഗം മുന്നേറുമ്പോൾ. ഇതോടെ 2030 ആകുന്നതോടെ 30% ഇവി വിഹിതം എന്ന ലക്ഷ്യത്തിലേക്ക് ഇന്ത്യ കടക്കുമെന്ന് വിപണി പ്രതീക്ഷിക്കുന്നു.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com